To
FCM
[handwritten initials] PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 06.08.2019

### സംസ്ഥാനത്ത് വന അദാലത്തുകൾ ആഗസ്റ്റ് 9 മുതൽ

വനം-വന്യജീവി വകുപ്പ് സംബന്ധമായ പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി വനംവകുപ്പ് സംഘടിപ്പിക്കുന്ന വന അദാലത്തുകൾക്ക് ആഗസ്റ്റ് ഒൻപതിന് തുടക്കമാവും. പട്ടയസംബന്ധമായ പരാതികൾ ഒഴികെ വനം സംബന്ധിച്ച എല്ലാ പരാതികളും അദാലത്തിൽ പരിഗണിക്കും.

വനംവകുപ്പിന് പുറമേ കൃഷി, തദ്ദേശസ്വയംഭരണം, ആദിവാസക്ഷേമം തുടങ്ങിയ വകുപ്പുകളും അദാലത്തിൽ പങ്കെടുക്കും..അദാലത്തിന് ഒരാഴ്ച മുമ്പ് വരെ സമർപ്പിക്കുന്ന പരാതികളും അപേക്ഷകളും പരിഗണിക്കും. പരാതികൾ, അനുബന്ധ രേഖകൾ സഹിതം തൊട്ടടുത്ത വനംവകുപ്പ് ഓഫീസിലോ ഇ ഡിസ്ട്രിക്ട് മുഖേന ഓൺലൈനായോ സമർപ്പിക്കാവുന്നതാണ്. പരാതിക്കാരനെ ബന്ധപ്പെടാനുള്ള മേൽവിലാസവും ഫോൺനമ്പറും അപേക്ഷകളിൽ രേഖപ്പെടുത്തണം. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ പരാതിക്കാരന് പ്രത്യേക ടോക്കൺ നമ്പർ നൽകും.

പരാതിയുടെ തുടർ നടപടികൾ ഈ നമ്പർ അടിസ്ഥാനപ്പെടുത്തിയായിരിക്കും. അദാലത്തിനായി ഓരോ ജില്ലയിലും ഓരോ ഫോറസ്റ്റ് കൺസേർവേറ്റർമാരെ നോഡൽ ഓഫീസർമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനം ആഗ്സ്റ്റ് ഒൻപതിന് രാവിലെ 10 മണിക്ക് തിരുവനന്തപുരം നെടുമങ്ങാട് മുനിസിപ്പൽ ടൗൺഹാളിൽ വനം മന്ത്രി അഡ്വ കെ രാജു നിർവഹിക്കും. ഒക്ടോബർ നാലിന് അദാലത്തുകൾ സമാപിക്കും.

**മറ്റു ജില്ലകളിലെ അദാലത്ത് തീയതിയും സ്ഥലവും: -**

ഇടുക്കി ( വെള്ളപ്പാറ) ആഗസ്റ്റ്16,
കോഴിക്കോട്( താമരശ്ശേരി)ആഗസ്റ്റ് 19,
മലപ്പുറം ( നിലമ്പൂർ) ആഗസ്റ്റ് 20
പത്തനംതിട്ട(കോന്നി) ആഗസ്റ്റ് 22,
കൊല്ലം( പുനലൂർ) ആഗസ്റ്റ് 24,
തൃശ്ശൂർ(ചാലക്കുടി) സെപ്തംബർ 2,
കോട്ടയം( എരുമേലി) സെപ്തംബർ 3,
പാലക്കാട്(ഒലവക്കോട്) സെപ്തംബർ 20,
കാസർഗോഡ്( കാസർഗോഡ്) സെപ്തംബർ26,
കണ്ണൂർ(കണ്ണൂർ) സെപ്തംബർ27,
എറണാകുളം & ആലപ്പുഴ (കോടനാട്) സെപ്തംബർ30
വയനാട്(കൽപ്പറ്റ്) ഒക്ടോബർ 4

[signature] 6/8/19

ഡോ. അഞ്ജൻ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ